"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല , വഴിക്കടവ് വെള്ളക്കെട്ടയിൽ വൈദ്യുതി ലൈനിൽ അനധികൃതമായി ബന്ധിപ്പിച്ച കമ്പിയിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട അനന്തുവിന്റെ കുടുംബത്തിന് ധനസഹായം അനുവദിച്ചും ആശുപത്രിയിൽ ചികിത്സയിലുള്ളവരുടെ മുഴുവൻ ചികിത്സാ ചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(ഡി.ആർ.എഫ്-ബി) വകുപ്പ്**

സ.ഉ.(കൈ) നം.188/2025/RD തീയതി,തിരുവനന്തപുരം, 26-06-2025

---

**ഉത്തരവ്**

മലപ്പുറം, വഴിക്കടവ് വെള്ളക്കെട്ടയിൽ വൈദ്യുതി ലൈനിൽ അനധികൃതമായി ബന്ധിപ്പിച്ച കമ്പിയിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട അനന്തുവിന്റെ കുടുംബത്തിന് ഒരു പ്രത്യേക കേസായി പരിഗണിച്ച് ധനസഹായമായി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. ആശുപത്രിയിൽ ചികിത്സയിലുള്ള ഷാനു വിജയ്, യദുകൃഷ്ണൻ എന്നിവരുടെ മുഴുവൻ ചികിത്സാ ചെലവും സർക്കാർ വഹിക്കുന്നതാണെന്നും ഉത്തരവാകുന്നു. ചികിത്സ ചെലവിനാവശ്യമായി വരുന്ന തുക സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമാക്കുന്നതിനും തുക വിതരണം ചെയ്യുന്നതിനും മലപ്പുറം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി കൊണ്ടും ഉത്തരവാകുന്നു.

2) വിതരണത്തിനാവശ്യമായി വരുന്ന തുകയായ **5,00,000/- രൂപ** (അഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ജില്ലാ കളക്ടർ, മലപ്പുറം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 27-06-2025 10:43:38
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ ക്ക്
പൊതുഭരണ (എസ്.സി) വകുപ്പിന് (11.06.2025-ലെ മന്ത്രി സഭായോഗതീരുമാനം
ഇനം നമ്പർ 3043 OAപ്രകാരം)
റവന്യൂ (ഡി.ആർ.എഫ്-എ, സി) വകുപ്പ്